കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുതാഴം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൻ.ആർ./സി.2/1198/2017

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

ഫോൺ - 04972-707698

തീയ്യതി – 03.08.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),
ചെറുതാഴം ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ചെറുതാഴം ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.-കെ.എൻ.ആർ./സി.2/1198/2017 തീയതി : 03.08.2017

**കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആമുഖം

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 18-06-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 31അന്വേഷണക്കുറിപ്പുകളിൽ 27എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗ സ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-06-2017 മുതൽ 30-06-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി. വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രഭാവതി.പി | 01-04-2016 മുതൽ 31-03-2017 വരെ. |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എ.വി.പ്രകാശൻ | 01-04-2016 മുതൽ 24-11-2016 വരെ |
| | ശ്രീ.എം.വി.ചന്ദ്രൻ | 25-11-2016 മുതൽ 08-12-2016 വരെ |
| | ശ്രീ.നാരായണൻകുട്ടി.ഡി. | 09-12-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി. നിഷ.ജി. | 01-04-2016 | 31-03-2017 |
| 2 | വി.ഇ.ഒ. (ചെറുതാഴം സർക്കിൾ) | ശ്രീ.ഷനിൽ.എം | 01-04-2016 | 31-03-2017 |
| 3 | വി.ഇ.ഒ (മണ്ടൂർ സർക്കിൾ) | ശ്രീ.രഘുനാഥൻ.പി | 01-04-2016 | 31-03-2017 |
| 4 | വെറ്റിനറി സർജൻ | ഡോ.വിൻസന്റ് | 01-04-2016 | 18-02-2017 |
| | | ഡോ.ഹരികുമാർ.എസ്. | 19-02-2017 | 31-03-2017 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിദ്യാധരൻ.കെ.വി. | 01-04-2016 | 31-03-2017 |
| 6 | ഐ.സി.ഡി.എ സ് സൂപ്പർ വൈസർ | ശ്രീമതി.പ്രജിന.പി.വി | 01-04-2016 | 31-03-2017 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം,വി.ചന്ദ്രൻ | 01-04-2016 | 31-03-2017 |
| 8 | ഹെഡ് മാസ്റ്റർ | ശ്രീ.അബ്ദുൾ അഫീല.ഐ.വി. | 01-04-2016 | 31-03-2017 |
| 9 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.എ.ലേഖ | 01-04-2016 | 30-06-2016 |
| | | | 01-08-2016 | 31-03-2017 |
| | | ഡോ.രഞ്ചിത്ത് കുമാർ.ടി. | 01-07-2016 | 31-07-2016 |
| 10 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലേഖ.പി.കെ. | 01-04-2016 | 31-03-2017 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ. |
| ഭാഗം -2- വരവു കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | സർക്കാർ അനുമതിയില്ലാതെയും രേഖാമൂലമല്ലാതെയും പഞ്ചായത്ത് സ്ഥലം ഡി.ടി.പി.സി.(കണ്ണൂർ)ക്ക് കൈമാറി. "വി-പ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക്" നടത്തിപ്പ് - നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ല. |
| 13 | 2-2 | കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക നമ്പറുകൾ നൽകിയത് കൊണ്ട് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കാൻ കഴിഞ്ഞില്ല. 14713/- രൂപ തുടർനഷ്ടം. |
| 14 | 2-3 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെയും മത്സ്യമാർക്കറ്റിലെയും മുറികളുടെ വാടക ഒടുക്കുന്നില്ല- 50735 രൂപ വരവ് നഷ്ടം |
| 15 | 2-4 | 2013-14 വർഷത്തെ വാടക കുടിശ്ശിക 18,787/- രൂപ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 16 | 2-5 | ഡി & ഒ ലൈസൻസ് -അപാകങ്ങൾ |
| 17 | 2-6 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി |

| | | |
|---|---|---|
| | | ഈടാക്കുന്നില്ല. |
| 18 | 2-7 | തനതു വരുമാനത്തിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു. |
| 19 | 2-8 | രശീതി (മാന്വൽ, സാംഖ്യ) കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ |
| 20 | 2-9 | ദുരിതാശ്വാസ നിധി -ഓഡിറ്റ് കാലയളവിൽ വരവില്ല. |
| ഭാഗം -3 – ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | 3-1 | സാന്ത്വന പരിചരണത്തിന് മരുന്നും മരുന്നുകിറ്റുകളും ലഭിച്ചില്ല. 93,701 രൂപ തടസ്സപ്പെടുത്തുന്നു. |
| 22 | 3-2 | മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പദ്ധതികൾ നടപ്പാക്കാവുന്നതല്ല- ചെലവ് തുക 36,388/- രൂപ തടസ്സപ്പെടുത്തുന്നു |
| 23 | 3-3 | ക്ലാസ് മുറികളിൽ പത്രങ്ങളും ബാലമാസികകളും -വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല 52,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 24 | 3-4 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.16900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 25 | 3-5 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. |
| 26 | 3-6 | പാലുല്പാദനത്തിന് ധനസഹായം- ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാവുന്നതല്ല |
| 27 | 3-7 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നുള്ള അംഗീകാരം നേടിയെടുക്കുന്നതിനു ള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 28 | 3-8 | തെരുവ് വിളക്ക് പരിപാലനം - കരാറുവെച്ചതിലെ അപാകങ്ങൾ |
| 29 | 3-9 | തെരുവ് വിളക്ക് വാങ്ങൽ - കെ.എസ്.ഇ.ബി യിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 30 | 3-10 | വെള്ളക്കരം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. |
| 31 | 3-11 | തെരുവ് വിളക്കിന്റെ പരിപാലനം – അധിക തുക |

| | | |
|---|---|---|
| | | അടവാക്കുന്നത് സംബന്ധിച്ച് |
| 32 | 3-12 | ശുചീകരണ തൊഴിലാളികളുടെ നിയമനം- സർക്കാർ അംഗീകാരമില്ല 485400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 33 | 3-13 | മത്സ്യമാർക്കറ്റിലെ മലിന ജലം നീക്കം ചെയ്യുന്നത്- അപാകങ്ങൾ -94140 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. |
| 34 | 3-14 | വയലപ്ര പരപ്പ് ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതി ഉദ്ഘാടനം- 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 35 | 3-15 | പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് നിർമ്മാണം സമയപരിധിക്കകം പൂർത്തിയാക്കിയിട്ടില്ല. ലോകബാങ്ക് ധനസഹായം 11,10,401 രൂപ വിനിയോഗിക്കാൻ സാധിക്കാതെ പാഴായി. |
| 36 | 3-16 | അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ പ്രവൃത്തികളുടെ ചെലവ് 19% മാത്രം പദ്ധതി നിർവ്വഹണത്തിലെ വീഴ്ച പരിശോധിക്കേണ്ടതാണ് |
| 37 | 3-17 | ഫണ്ടുകളുടെ വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 38 | 3-18 | നിർബന്ധിത വകയിരുത്തലുകൾ നടത്തി തുക ചെലവഴിക്കുന്നില്ല. |
| 39 | 3-19 | ഇമൽഷൻ മുഴുവൻ ലഭ്യമായില്ല. 25,844/-രൂപ തടസ്സപ്പെടുത്തുന്നു. |
| 40 | 3-20 | 2016-2017 വാർഷികപദ്ധതിയിലെ റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ ലഭിക്കാത്തത് സംബന്ധിച്ച്. |
| 41 | 3-21 | വീരൻചിറ അംഗൻവാടി നിർമ്മാണം - വരുമാനനികുതി കണക്കാക്കിയതിലെ അപാകങ്ങൾ - 7899 രൂപ അധികം നല്കി |
| 42 | 3-22 | കുടിവെള്ള വിതരണം അപേക്ഷ തിരുത്തി: 5000 രൂപ നിരാകരിക്കുന്നു |
| 43 | 3-23 | ചെലവുകളിൽ നിയന്ത്രണം ഇല്ലാത്തത് സംബന്ധിച്ച് |
| 44 | 3-24 | ഓഫീസ് കെട്ടിടമാറ്റം - പഴയ ഫർണിച്ചറുകൾ ഉപയോഗപ്രദമാക്കാനും പുതിയവ സ്റ്റോക്കിലെടുക്കാനും നടപടികൾ സ്വീകരിച്ചില്ല. |

| | | |
|---|---|---|
| 45 | 3-25 | ഇ.എം.എസ്.ഭവനനിർമ്മാണം - പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 46 | 3-26 | കാർഷീക മേഖലയുടെ വികസനത്തിനായി കുരുമുളക് സംരക്ഷണസമിതിയുടെ പ്രവർത്തനം മാതൃകാപരം |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 47 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 48 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ |
| 49 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് |
| 50 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 51 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 52 | 4-6 | ഓഡിറ്റ് റിക്കവറി |
| 53 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 54 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 55 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 56 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 57 | അനുബന്ധം-2 | Audit Cetificate |
| 58 | അനുബന്ധം-3 | Balance Sheet |
| 59 | അനുബന്ധം-4 | Income&Expenditure Statement |
| 60 | അനുബന്ധം-5 | Receipt& Payment Statement |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 29-02-2016 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 37/2016 തീയതി പ്രകാരം അംഗീകരിക്കുകയുമുണ്ടായി.10-03-2017 തീയ്യതിയിലെ 38/2017 നമ്പർ ഭരണസമിതി തീരുമാനപ്രകാരം 2016-2017വർഷത്തെ ബജറ്റ് ഭേദഗതി ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ

താഴെ കൊടുക്കുന്നു.

| | ബജറ്റ് | റസീപ്റ്റ് ആന്റ് പേയ്മെന്റ് എക്കൗണ്ട് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 65620705 | 13250181 |
| വരവ് | 95285490 | 48923565 |
| ആകെ | 160906195 | 62173746 |
| ചെലവ് | 130665315 | 49503997 |
| നീക്കിയിരിപ്പ് | 30240880 | 12669749 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 15-05-2017 | 08-06-17 | തിരിച്ചയച്ചിട്ടില്ല | -- |

2011 ലെ കേരള പഞ്ചായത്ത് രാജ് (എക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) ലെ സമയപരിധിക്കകം വാർഷിക കണക്ക് സമർപ്പിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 28-06-2017 | കെ.എസ്.എ/ കെ.എൻ.ആർ/സി6-/2017 തീയ്യതി | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനത

1.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2 . സഞ്ചയ പ്രകാരം 415477 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് വരവായി രേഖപ്പെടുത്തി യിട്ടുണ്ട്. എന്നാൽ 2015-16 വാർഷിക കണക്ക് പ്രകാരം വസ്തുനികുതി മുൻകൂർ വരവ് 37606 രൂപ (B-9

2015-16) മാത്രമാണ്. മുൻകൂർ വരവിലും കൂടുതൽ ഭീമമായ തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് നല്കിയത് വിശദീകരിച്ചിട്ടില്ല.

3.ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5- ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തേണ്ട താഴെ പറയുന്ന തുകകൾ പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | വൗച്ചർ/ബിൽ നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 2160091/ 17-12-2016 | പ്ലാന്തോട്ടം നരീക്കാംവള്ളി ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ. ബി. ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടിക്ക് നല്കിയത് | 23618 |
| 2 | 2161043/ 20-01-2017 | കുളപ്പുറം ഭാഗത്തെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടിക്ക് നല്കിയത് | 23054 |
| 3 | 2161051/ 23-01-2017 | അതിയടം വീരൻചിറ അംഗൻവാടി ഇലക്ട്രിക്ക് കണക്ഷൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടിക്ക് നല്കിയത് | 21960 |
| 4 | 2161272/ 10-03-2017 | ഏഴിലോട് നമ്പീശൻകോളനി വിപുലീകരണം ഇലക്ട്രിക്ക് പോളുകൾ മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടിക്ക് നല്കിയത് | 11794 |
| 5 | 2161274/ 10-03-2017 | വിളയാംകോട് ലക്ഷം വീട് കോളനി ഇലക്ട്രിക്ക് പോളുകൾ മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ പഴയങ്ങാടിക്ക് നല്കിയത് | 17480 |
| 6 | 21601339/ 22-03-2017 | സമ്പൂർണ വൈദ്യുതീകരണം ഇലക്ട്രിക്ക് ലൈൻ നീട്ടൽ അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ പഴയങ്ങാടിക്ക് നല്കിയത് | 230677 |
| 7 | 11/16-11-2016 | സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ലൈൻവലിക്കലും, മീറ്റർ സ്ഥാപിക്കലും അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ | 584884 |

| | | | |
|---|---|---|---|
| | | പഴയങ്ങാടിക്ക് നല്കിയത് | |

6- ജില്ലാപഞ്ചായത്തിൽ നിന്ന് 2015-16 വർഷം നെൽകൃഷി കൂലിച്ചെലവിനത്തിൽ ലഭിച്ച്, വൗച്ചർ നമ്പർ 51600241/14-06-2016 പ്രകാരം വിതരണം ചെയ്ത 450000 രൂപ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ( കോഡ് 320700405) കാണിച്ച കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് ഫ്രം ഡിസ്ട്രിക്ട് പഞ്ചായത്ത് എന്ന ഹെഡിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്.

7 പ്രധാന വരവിനങ്ങളുടെ രജിസ്റ്ററുകളിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെട്ടു ന്നില്ല.

| ക്രമനമ്പർ | ഇനം | രജിസ്റ്ററിലെ തുക | | വാർഷിക കണക്കിലെ തുക |
|---|---|---|---|---|
| 1 | Profession tax Employees(demand) | 1660800 | I-I | 1651650 |
| 2 | Profession tax Employees(balance) | 9150 | B-15 | 0 |
| 3 | Property tax residential building (arrears demand ) | 1633500 | B-15 (2015-16) | 644428 |
| 4 | Property tax residential building (Demand ) | 4923170 | I-I | 6299428 |
| 5 | Property tax (collection current) | 3890286 | RP-43 | 3902606 |
| 6 | Property tax (Balance current) | 617407 | B-15 | 66590 |
| 7 | Property tax (Balance arrears) | 895576 | B-15 | 946749 |
| 8 | Market receipt (current) | 25146 | B-15 | 24359 |

8- ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് - താഴെപറയുന്ന തുകകൾ ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

| Cheques Deposited but not collected | | | |
|---|---|---|---|
| ക്രമ നമ്പർ | വൗച്ചർ നമ്പർ | വൗച്ചർ തീയതി | തുക |
| 1 | 31600346 | 24-03-2017 | 122709 |
| 2 | 31600362 | 31-03-2017 | 40000 |
| 3 | 11603550007 | 03-02-2017 | 23743 |
| 4 | 31600305 | 06-02-2017 | 5000 |
| 5 | 31600275 | 07-01-2017 | 2000 |
| Cheques issued but not presented in to bank | | | |

| | | | |
|---|---|---|---|
| 1 | 21601502 | 24-03-2017 | 122709 |
| 2 | 310067 | 31-03-2017 | 40000 |
| 3 | 31600369 | 03-02-2017 | 23743 |
| 4 | 2161115 | 18-01-2017 | 5000 |
| 5 | 21600803 | 14-11-2016 | 2000 |

9- സേവന സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

| | സേവന സ്റ്റേറ്റ്മെന്റ്പ്രകാരം | ഹെഡ് | വാർഷിക കണക്ക് പ്രകാരം (ഷെഡ്യൂൾ 1-6) |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7725780 | I-6 | 2125350 |
| വിധവാപെൻഷൻ | 13040250 | I-6 | 3056500 |
| വാർദ്ധക്യകാലപെൻഷൻ | 20513525 | I-6 | 5773900 |
| വികലാംഗപെൻഷൻ | 3340540 | I-6 | 929605 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 701300 | I-6 | 204000 |

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 13250181 |
| വരവ് | 48923565 |
| ആകെ | 62173746 |
| ചെലവ് | 49503997 |
| നീക്കിയിരിപ്പ് | 12669749 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ | ആകെ | ചെലവ് | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരമുള്ളത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | പ്രകാരമുള്ളത്) | | | | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11430818 | 11430818 | 9919769 | 1511049 | 86.7 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2702577 | 2702577 | 2637770 | 64807 | 97.6 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 10789431 | 10789431 | 2018058 | 8771373 | 18.7 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 3114156 | 3114156 | 2557784 | 556372 | 82.13 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6410563 | 6410563 | 2317333 | 4093230 | 36.14 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 2159 | 850037 | 852196 | 851782 | 414 | 99.95 |
| ബി ഫണ്ട് | | 926160 | 926160 | 926160 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ശതമാനം |
| 2016-17 | 143 | 73688282 | 81 | 32955066 | 45 | 16 | 56.6 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6817909 | 7190194 | 372285 | (+)5 |
| നികുതിയേതര വരവുകൾ | 3205135 | 3658470 | 453335 | (+)14 |
| മറ്റുവരവുകൾ | 407593 | 448433 | 40840 | (+)10 |
| ആകെ | 10430637 | 11297097 | 866460 | (+)8 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല.

# 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 326880 | 209 |
| കർഷകതൊഴിലാളി പെൻഷൻ | 7725780 | 3410 |
| വിധവാപെൻഷൻ | 13040250 | 4921 |
| വാർദ്ധക്യകാലപെൻഷൻ | 20513525 | 7892 |
| വികലാംഗപെൻഷൻ | 3340540 | 1421 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 701300 | 301 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 570000 | 19 |

സേവന പത്രിക പ്രകാരമുള്ള തുകകളാണ് മേൽ കാണിച്ചിരിക്കുന്നത്. ഇത് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഖണ്ഡിക 1-3 കൂടി കാണുക)

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-06-2017 മുതൽ 20-06-2017 വരെ | 01-04-2017 മുതൽ 31-05-2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-10-2007 | 1997-98മുതൽ 2006-07 വരെ | 27-12-2007 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-06-2017 ന് 10.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,307/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വീഴ്ചകൾ.

സ്റ്റാഫ് മീറ്റിംഗ് - തൻവർഷം 6 തവണമാത്രമാണ് സ്റ്റാഫ് മീറ്റിംഗ് ചേർന്നത്. സ്റ്റാഫ് മീറ്റിംഗിൽ എടുക്കുന്ന തീരുമാനം നടപ്പാക്കുന്നില്ല. ഉദാഹരണത്തിന് 26-08-2016 ന് ചേർന്ന യോഗത്തിൽ ഓരോ കലക്ഷൻ സ്റ്റാഫുകൾ അവരവരുടെ വാർഡുകളിലെ വസ്തുനികുതി ഡിസംബർ 15 നകം പിരിച്ചെടുക്കുന്നതിന് തീരുമാനിക്കുകയും മേൽ നോട്ടം വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും 2016-17 വർഷത്തിൽ വാർഷികകണക്ക് പ്രകാരം 16,12,679 രൂപയുടെ കുടിശ്ശികയുണ്ട്.

രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിലെ വീഴ്ചകൾ:

മാനവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല.എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോല്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ് , റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോല്യം I ആർട്ടിക്കിൾ 150 പ്രകാരം

സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിലെ അപാകങ്ങൾ ഖണ്ഡിക 3-24 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഓരോ കലക്ഷൻ സ്റ്റാഫും അവരവരുടെ വാർഡുകളിലെ വസ്തുനികുതി ഡിസംബർ 15 നകം പിരിച്ചെടുക്കുന്നതിന് തീരുമാനിക്കുകയും മേൽ നോട്ടം വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും 2016-17 വർഷത്തിൽ വാർഷികകണക്ക് പ്രകാരം 16,12,679 രൂപയുടെ കുടിശ്ശികയുണ്ട്. ഇത്തരത്തിൽ തീരുമാനം എടുത്തതിന് ശേഷം ആ തീരുമാനം നടപ്പാക്കാത്തത് പരിശോധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭകളുടെ പ്രവർത്തനം.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ 2016-17വർഷത്തിൽ 3 തവണ മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | മാസം | പ്രധാന അജണ്ട |
|---|---|---|
| 1 | 07/2016 | പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ,MGNREGS ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2015-16 വാർഷിക വരവ് ചെലവ് അംഗീകരിക്കൽ, ശുചിത്വകക്കൂസ് ഗുണഭോക്താക്കളെ അംഗീകരിക്കൽ |
| 2 | 10/2016 | 2016-2017ഗുണഭോക്തൃതെരഞ്ഞെടുപ്പ്, അജൈവ മാലിന്യസംസ്ക രണം, ദേശീയ തൊഴിലുറപ്പ് പദ്ധതി |
| 3 | 02/2017 | 2016-2017ഗുണഭോക്തൃതെരഞ്ഞെടുപ്പ്, ഭക്ഷ്യ ഭദ്രതാ നിയമം മുൻഗണന ലിസ്റ്റ് അംഗീകരിക്കൽ |

ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1) ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെ വികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷികപദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷികപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4)നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽഓഡിറ്റും.

ഓഡിറ്റ് വർഷത്തിൽ ചേർന്ന ഗ്രാമസഭകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ തലത്തിലെയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണം ഗ്രാമസഭാതലത്തിൽ നടത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ, അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട/തിരസ്കരിച്ച അപേക്ഷകൾ എന്നിവയുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതിന്റെ രേഖപ്പെടുത്തലുകളൊന്നും ഗ്രമസഭാ മിനുട്സിൽ വരുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സർക്കാർ അനുമതിയില്ലാതെയും രേഖാമൂലമല്ലാതെയും പഞ്ചായത്ത് സ്ഥലം ഡി.ടി.പി.സി.(കണ്ണൂർ)ക്ക് കൈമാറി. "വി-പ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക്" നടത്തിപ്പ് - നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ചെറുതാഴം അംശം ദേശം, രാമപുരം പുഴയിലെ വയലപ്ര പരപ്പിൽ (സർവ്വേ നമ്പർ 397,ആകെ വിസ്തീർണ്ണം 40.05 ഏക്കർ, പാപ്പിനിശ്ശേരി- പിലാത്തറ കെ.എസ്.ടി.പി. ഹൈവേയിൽ നിന്നും ഒരു കിലോമീറ്റർ അകലെ) 2015 ഡിസംബർ മുതൽ "വി-പ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക്" എന്ന പേരിൽ ഒരു പാർക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിന്റെയും ഡി.ടി.പി.സിയുടെയും രേഖകളിൽ "വയലപ്ര പരപ്പ് - ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതി" എന്ന പേരിലാണ് ഇത് രേഖപ്പെടുത്തിയിട്ടുള്ളത്. പാർക്കിൽ, വിശാലമായ കാർ പാർക്കിംഗ് ഏരിയ, പതിനൊന്ന് റിഫ്രഷ് മെന്റ് കടകൾ, പെട്ടിക്കടകൾ, ഇതോടനുബന്ധിച്ചുള്ള സ്വകാര്യ ഭൂമിയിൽ ഗെയിം സോൺ, ബോട്ടിംഗിനുള്ള സൗകര്യം എന്നിവയും പ്രവർത്തിച്ചുവരുന്നു. ഡി.ടി.പി.സി. പിന്നീട് പാട്ടവ്യവസ്ഥയിൽ കൈമാറിയതനുസരിച്ച് 4 സ്വകാര്യവ്യക്തികൾ ചേർന്നാണ് നിലവിൽ പാർക്ക് നടത്തിവരുന്നത് . പ്രസ്തുത സ്ഥാപനം കേരള പഞ്ചായത്ത് രാജ് നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും നിഷ്കർഷിച്ച നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് സ്ഥലം രേഖാമൂലമല്ലാതെയും ഉപാധികളില്ലാതെയും ഡി.ടി.പി.സി.ക്ക് വിട്ടുകൊടുത്തു.

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം 218(1)-ാം വകുപ്പ് അനുസരിച്ച് എല്ലാ പൊതു ജലമാർഗ്ഗങ്ങളും നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലമാർഗ്ഗങ്ങളും, കെട്ടി നിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്ത് കിടക്കുന്ന ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത്, പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു, എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പഞ്ചായത്തിന് സ്വന്തമല്ലാത്തതും എന്നാൽ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതുമായ ഏതൊരു വസ്തുവും ഏത് വ്യവസ്ഥകളിന്മേലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥകൾ ലംഘിക്കാതെ പാട്ടത്തിന് നൽകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകയാൽ ഇവ വാണിജ്യാവശ്യങ്ങൾക്ക് താത്കാലികമായോ സ്ഥിരമായോ നിയമവിധേയമല്ലാതെ അന്യാധീനപ്പെടുത്തുവാനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്നും

218വകുപ്പ് 3-ാം ഉപ വകുപ്പനുസരിച്ച്, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി തൊട്ടടുത്തതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെ ഭരണം ഏറ്റെടുക്കാവുന്നതാണ് എന്നുള്ളതല്ലാതെ പുഴഭാഗമോ അതിനോട് ചേർന്നുള്ള ഭൂമിയോ സ്ഥിരമായോ താത്കാലികമായോ അന്യാധീനപ്പെടുത്താനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്ന് 25-09-2014 ലെ 41630/ആർ സി4/2014/ തസ്വഭവ. നമ്പർ സർക്കുലർ വഴിയും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

1957 ലെ കേരള ഭൂസംരക്ഷണ നിയമം 3-ാം വകുപ്പിലെ വിശദീകരണം 4 അനുസരിച്ച്, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൻ കീഴിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള വസ്തുക്കളെ ഈ വകുപ്പിന്റെ നിർവ്വചനത്തിനുള്ളിൽ വരുന്ന ഗവ. വസ്തുവായി കണക്കാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 5(1) ൽ ഈ നിയമം നടപ്പായി വരുന്നതു മുതൽക്കും അതിനുശേഷവും യാതൊരാളും ഗവ. വക വസ്തുവായ ഒരു ഭൂമി പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഗവണ്മെന്റിന്റെയോ ഈ ആവശ്യാർത്ഥം അധികാരപ്പെടുത്താവുന്ന ഗവ. ഉദ്യോഗസ്ഥന്റെയോ അനുവാദം കൂടാതെ കൈവശം വയ്ക്കുന്നത് നിയമാനുസൃതമായിരി ക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ചെറുതാഴം വില്ലേജ് ഓഫീസർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിക്ക് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നല്കിയ 12-02-2016 ലെ 77/2016 നമ്പർ കത്ത് പ്രകാരം വയലപ്ര പരപ്പ്-ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിച്ച പാർക്ക് ഇപ്പോൾ പൂർണ്ണമായും പഞ്ചായത്ത് അധീനതതയിലുള്ള പുഴ പുറമ്പോക്ക് സ്ഥലത്താണെന്നും നടപ്പാത നിർമ്മിച്ചിരിക്കുന്നത് കുറച്ച് ഭാഗം സ്വകാര്യ വ്യക്തികളുടെയും പഞ്ചായത്ത് കൈവശമുള്ള സ്ഥലം ഉപയോഗിച്ചുകൊണ്ടുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

30-06-2014 ലെ 102(14)-ാം നമ്പർ പഞ്ചായത്ത് തീരുമാനം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് :"ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള വയലപ്ര പരപ്പിൽ (തടാകം) നിന്ന് 16 ഏക്കർ സ്ഥലം ഉപാധികളില്ലാതെ വിനോദസഞ്ചാര വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു". തീരുമാനം ഭരണസമിതി ഏകകണ്ഠമാ യാണ് അംഗീകരിച്ചത്. മേൽ പരാമർശിച്ച നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായാണ് ചെറുതാഴം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ സ്ഥലം വിട്ടുകൊടുക്കാനുള്ള തീരുമാനം. 23.06.2014 ലെ ഡി.ടി.പി.സി സെക്രട്ടറിയുടെ നം. ഡി.ടി.പി.സി 3135/2014 കത്ത് പ്രകാരം ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതിക്കുവേണ്ടി യാതൊരു ഉപാധികളുമില്ലാതെ ആവശ്യമായ സ്ഥലം ടൂറിസം വകുപ്പിന് വിട്ടുനൽകാൻ അപേക്ഷിച്ചിട്ടുള്ളത് പ്രകാരമാണ് പഞ്ചായത്ത് തീരുമാനം. ഇങ്ങനെ ഭരണസമിതി ചട്ടവിരുദ്ധമായി തീരുമാനമെടുക്കുമ്പോൾ ആയത് ചൂണ്ടിക്കാട്ടി വിയോജനക്കുറിപ്പ് രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിരുന്നുവെങ്കിലും അപ്രകാരം തന്റെ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല. ഇങ്ങനെ സ്ഥലം കൈമാറുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതിയും വാങ്ങിയിട്ടില്ല. സ്ഥലം കൈമാറിയതിന് അടിസ്ഥാനമായി യാതൊരുവിധ രേഖകളും പഞ്ചായത്തിന്റെ കൈവശമില്ല. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയും സർക്കാരിന്റെ അനുമതിയില്ലാതെയും ഭൂമി കൈമാറിയ നടപടി നിയമവിരുദ്ധമാണ്.

2. ഡി.ടി.പി.സി. ക്ക് വിട്ടുകൊടുത്ത സ്ഥലം സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നല്കി.

വയലപ്ര പരപ്പ്- ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതി 2015 ഡിസംബർ 18 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്ക് ഡി.ടി.പി.സി. നേരിട്ടല്ല നടത്തുന്നത്. നാലു സ്വകാര്യ വ്യക്തികൾ ഡി.ടി.പി.സി. യിൽ നിന്നും സ്ഥലം പാട്ടത്തിനെടുത്ത് പാർട്ണർ ഷിപ്പായി "വി-പ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക്" എന്ന പേരിലാണ് പാർക്ക് നടത്തുന്നത്. 01-03-2016 മുതൽ 5 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തിപ്പിന് നൽകിയതാണ് എന്നാണ് പാർക്ക് നടത്തിപ്പ് സംബന്ധിച്ച് അധികവിവരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് 14-07-2017 തീയ്യതിയിൽ നൽകിയ കെഎസ്എ/ കെഎൻആർ/സി 2-1198/2017 നമ്പർ കത്തിന് ഹാജരാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് .

3. വയലപ്ര പരപ്പിൽ പാർക്ക് നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല.

പാർക്കിൽ ഇതുവരെ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കൊന്നും തന്നെ പാരിസ്ഥി തികാനുമതി ലഭിച്ചിട്ടില്ല. വയലപ്ര പരപ്പിലെ പുഴയിലും സമീപത്തുള്ള കണ്ടൽ പ്രദേശത്തു മായാണ് പാർക്ക് വ്യാപിച്ചുകിടക്കുന്നത്. ഇതിൽ പുഴപുറമ്പോക്ക് കൂടാതെ സ്വകാര്യഭൂമി കൂടി ഉൾപ്പെടുന്നുണ്ട്. (പഞ്ചായത്ത് കൈമാറിയ 16 ഏക്കറിന് പുറമേ സ്വകാര്യസ്ഥലം കൂടി ഉൾപ്പെടുന്നുണ്ട് എന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്). കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി 23-07-2016 തീയ്യതിയിലെ 3885/A3/16/KCZMA നമ്പർ കത്ത് പ്രകാരം പദ്ധതി പ്രദേശത്തെ എല്ലാ നിർമ്മാണ പ്രവൃത്തികളും നിർത്തി വെക്കാനും തീരദേശ പരിപാലന നിയമം ലംഘിച്ചാണോ നിർമ്മാണ പ്രവൃത്തികൾ നടത്തിയത് എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് കത്തയച്ചിരുന്നു. എന്നാൽ തീരദേശ പരിപാലന നിയമം ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ നിർത്തിവെക്കാൻ 10-03-2016, 31-08-2016, 01-09-2016 തീയ്യതികളിൽ നോട്ടീസയച്ചതല്ലാതെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറ്റ് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്ഥലപരിശോധ സമയത്തും പാർക്കിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നത് ഓഡിറ്റ് ടീമിന് നേരിൽ കാണാൻ കഴിഞ്ഞു. പരിശോധന നടത്തുമ്പോൾ ഗെയിം സോൺ സ്ഥിതിചെയ്യുന്ന കണ്ടൽ പ്രദേശത്ത് വെള്ളം കയറുന്നത് തടയാനായി ടിപ്പർ ലോറിയിൽ മണ്ണ് കൊണ്ടുവന്ന് നികത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണ പ്രവൃത്തികൾ - പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇവിടെ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾക്കൊന്നുംതന്നെ പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ ചെയ്യുന്നതിനു മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പുഴപുറമ്പോക്കിലും സ്വകാര്യ ഭൂമിയിലും നടത്തിയ കെട്ടിടനിർമ്മാണങ്ങൾക്കൊന്നും തന്നെ പെർമിറ്റ് എടുത്തിട്ടില്ല. 11-01-2016 ലെ ഡി.ടി.പി.സി./3135/2015 നമ്പർ കത്ത് പ്രകാരം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച താത്കാലിക ടോയ്ലറ്റ് ബ്ലോക്ക്, റിഫ്രഷ്മെന്റ് കിയോസ്ക് എന്നിവയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് കെട്ടിട നമ്പറിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടില്ല. അനധികൃത

നിർമ്മാണങ്ങൾക്ക് ചട്ടം 20 പ്രകാരം ഉള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല.

5.കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്തിലെ സ്ഥലം ഉപയോഗിച്ചതിന് നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 (1) അനുസരിച്ച് ഗ്രാമ പഞ്ചായത്തിന് , ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയും, സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് (സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും) ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെല്ലാം തന്നെ ഡി.&.ഒ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. പ്രവേശന കവാടത്തിലെ റിഫ്രഷ് മെന്റ് കട, പെട്ടിക്കടകൾ, പുഴയിൽ സ്ഥിതിചെയ്യുന്ന ആറ് റിഫ്രഷ് മെന്റ് കടകൾ, സ്വകാര്യ ഭൂമിയിലെ ഗെയിം സോൺ, അവിടെയുള്ള അഞ്ച് റിഫ്രഷ് മെന്റ് കടകൾ എന്നിവ പ്രവർത്തനം തുടങ്ങി ഒന്നരവർഷം പിന്നിട്ടിട്ടും ലൈസൻസ് എടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടലംഘനത്തിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

6. എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് 1961 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം കണക്കാക്കി ഈടാക്കിയിട്ടില്ല.

പാർക്കിലേക്കുള്ള പ്രവേശനം പ്രവേശനപാസ്സ് ഏർപ്പെടുത്തി നിയന്ത്രിച്ചിരിക്കുന്നു. വ്യക്തികൾക്ക് 10 രൂപയും സ്റ്റിൽ ക്യാമറക്ക് 50 രൂപയും വീഡിയോ ക്യാമറക്ക് 150 രൂപയും ഫീസ് ഈടാക്കുന്നത്. കൂടാതെ ബോട്ട് സർവ്വീസിന് 20 മിനിട്ടിന് 50 രൂപ വെച്ചും ഫീസ് ഈടാക്കുന്നുണ്ട്. ഇതിനു പുറമെ ഗെയിം സോണിൽ പ്രവർത്തിക്കുന്ന എല്ലാ റൈഡുകൾക്കും പ്രത്യേകമായി ഫീ ഈടാക്കുന്നുണ്ട്. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് 1961 സെക്ഷൻ 3 പ്രകാരം ഈയിനത്തിൽ പാർക്കിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. പാർക്കിൽ 8 പെഡൽ ബോട്ടുകളും 4 കയാക്കിംഗ് ബോട്ടുകളും ഒരു വലിയ ബോട്ടും സർവ്വീസ് നടത്തുന്നുണ്ട്. 2016-17 ൽ 6,60,000 രൂപയും 2017 ജൂലൈ വരെ 3,02,500 രൂപയും വരുമാനം ലഭിച്ചതായി ഡിടിപിസി അറിയിച്ചിട്ടുണ്ട്. ഡി.ടി.പി.സി.യുടെ ജീവനക്കാരാരും തന്നെ പാർക്കിൽ ജോലി ചെയ്യുന്നില്ല.

7.കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.

സ്ഥലപരിശോധന സമയത്ത് പാർക്കിലെ ജീവനക്കാരൻ നൽകിയ വിവരങ്ങൾ അനുസരിച്ച് നിലവിൽ 35 പേർ (28 പേർ ഓപ്പൺ പാർക്കിലും 7പേർ ഗെയിം സോണിലും) ഇവിടെ ജോലി ചെയ്യുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 204 പ്രകാരം ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ

അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളിൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പാർക്ക് തുടങ്ങി ഒന്നരവർഷം പിന്നിട്ടിട്ടും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് നിയമം 228-ാം വകുപ്പ് പ്രകാരമുള്ള ലൈസൻസില്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 228-ാം വകുപ്പ് പ്രകാരം യാതൊരാളും ഗ്രാമപഞ്ചായത്തിൽനിന്നും ലൈസൻസ് വാങ്ങാത്തപക്ഷം ഒരു പുതിയ വണ്ടിത്താവളം തുറക്കുകയോ, സ്വകാര്യ വണ്ടിത്താവളം തുറന്നുവെച്ച് കൊണ്ടിരിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ പാർക്കിൽ വിശാലമായ സൗകര്യത്തോടുകൂടി വണ്ടിത്താവളം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നമ്പർ 8/24-06-2017), ചൂണ്ടിക്കാട്ടിയ അപാകങ്ങളിലൊന്നും പഞ്ചായത്ത് നാളിതുവരെയായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഓഡിറ്റിന്റെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

വിനോദ സഞ്ചാരത്തിനായി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതും പ്രദേശത്തിന്റെ പൊതുവികസനത്തിന് സഹായകവുമായ ഇത്തരം സംരംഭങ്ങൾ നാടിന്റെ പുരോഗതിക്ക് അനിവാര്യമാണ് എന്ന വസ്തുത ഓഡിറ്റ് അംഗീകരിക്കുന്നു. എന്നാൽ ഇത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നത് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടായിരിക്കണം എന്നാണ് ഓഡിറ്റിന്റെ താല്പര്യം. സർക്കാർ ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതിയില്ലാതെ ഭൂമി കൈമാറിയതിലും പാരിസ്ഥിതികാനുമതിയില്ലാതെയും തീരദേശ പരിപാലന അതോറിറ്റിയുടെ നിർദ്ദേശം പാലിക്കാതെയും നിർമ്മാണ പ്രവൃത്തികൾ നടത്തിയതിലും ഗൗരവമേറിയ ചട്ടലംഘനം നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പൊതു ആവശ്യത്തിന് കൈമാറ്റം ചെയ്ത ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകിയ നടപടിയും ഈ സംരംഭത്തിൽനിന്ന് ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്ത സാഹചര്യവും പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും പാർക്കിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതും , ഇത്തരം ക്രമരാഹിത്യങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നതും ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1. ഉപാധികളില്ലാതെ പഞ്ചായത്ത് സ്ഥലം വിട്ടുകൊടുത്ത നിയമവിരുദ്ധ നടപടി ക്രമപ്പെടുത്താൻ സർക്കാർ അനുമതി വാങ്ങി രേഖാമൂലം കൈമാറുകയോ അല്ലാത്ത പക്ഷം വിട്ടുകൊ ടുത്ത ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2. ഇത്രയധികം നിയമ/ചട്ടലംഘനങ്ങൾ നടത്തിയിട്ടും അതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്കെതിരെ ഉചിതമായ ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു. നിയമ/ചട്ടലംഘനങ്ങൾക്ക് പാർക്ക് നടത്തിപ്പുകാരുടെ പേരിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന് ലഭിക്കേണ്ട നികുതികളും ഫീസുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(വയലപ്ര പാർക്ക് സംബന്ധിച്ച് പ്രത്യേകമായി ഫയൽ പഞ്ചായത്തിൽ ഇല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം, പഞ്ചായത്ത് തീരുമാനം, പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച താത്കാലിക ടോയ് ലറ്റ് ബ്ലോക്ക് , റിഫ്രഷ് മെന്റ് കിയോസ്ക് എന്നിവയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് കെട്ടിട നമ്പറിനുള്ള അപേക്ഷ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 23-07-2016 തീയ്യതിയിലെ 3885/A3/16/KCZMA നമ്പർ കത്ത്, ചെറുതാഴം വില്ലേജ് ഓഫീസർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിക്ക് നല്കിയ കത്ത്, സ്ഥല പരിശോധന, ഡിടിപിസിയിൽ നിന്ന് ലഭിച്ച വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത് ).

## 2-2 കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക നമ്പറുകൾ നൽകിയത് കൊണ്ട് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കാൻ കഴിഞ്ഞില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തുന്നതിന് 3(4) (1) ചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾക്ക് (മുകൾ നിലയുൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലോ ഒരാളുടെ ഉടമസ്ഥയിലാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേകം നമ്പർ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വെറേ വെറേ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചട്ടം 5 (1) പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ കെട്ടിടങ്ങളും 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗക്രമത്തിനനുസരിച്ച് തരം തിരിക്കേണ്ടതാണ്.

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി അസസ്സ്മെന്റുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ പല ഭാഗങ്ങൾക്കും ഒരേ ഉപയോഗമായിട്ടുപോലും 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണത്തിൽ പലഭാഗങ്ങളായി തിരിച്ച് പ്രത്യേകം പ്രത്യേകം കെട്ടിട നമ്പർ നൽകി 100 ച.മീറ്ററിൽ താഴെയുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം (നം 117/2011 തീ.7.9.11) 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ ഈടാക്കണമെന്ന് വിജ്ഞാപനമായിട്ടുണ്ട്.എന്നാൽ 100 മീറ്ററിന്

മുകളിൽ വിസ്തീർണ്ണമുള്ള ചില വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും തക്കതായ കാരണമൊന്നും വ്യക്തമാക്കാതെ 40 രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കെട്ടിടയുടമ യുടെ പേര് മേൽവിലാസം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി @40((-)ഇളവ് (+)വർദ്ധനവ്, (+)ഗ്രന്ഥശാലവരി (5%) | നിർണ്ണയിക്കപ്പെടേണ്ട വസ്തുനികുതി @60(-)ഇളവ് (+) വർദ്ധനവ് (+) ഗ്രന്ഥശാലവരി (5%) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | കമ്പിൽ പയ്യിലോട്ട് സയ്യിദ്,സീരെ വളപ്പിൽ മുസ്തഫ<br>സീരെ വളപ്പിൽ ഇഖ്ബാൽ | 16/400ബി | 24 | 1210 | 1813 | 603 |
| | ടി | 16/400 സി | 37 | 1865 | 2797 | 932 |
| | ടി | 16/400 ഡി | 24 | 1055 | 1581 | 526 |
| | ടി | 16/400 ഇ | 20 | 878 | 1317 | 439 |
| | ടി | 16/400 എഫ് | 37 | 1625 | 2692 | 1067 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | | | 3567 |
| 2 | അച്ചമാന്റകത്ത് ചാലിൽ സൈനുദ്ദീൻ | 12/481H | 20.08 | 962 | 1443 | 481 |
| | | 12/481I | 21.62 | 1037 | 1553 | 516 |
| | | 12/481J | 22.01 | 1056 | 1582 | 526 |
| | | 12/481K | 22.04 | 1057 | 1583 | 526 |
| | | 12/481L | 22.50 | 982 | 1472 | 490 |
| | | 12/481M | 18.24 | 875 | 1310 | 435 |
| | | 12/481N | 19.95 | 957 | 1436 | 479 |
| | | 12/481O | 54.20 | 2596 | 3893 | 1297 |
| | | 12/481P | 23.20 | 1112 | 1666 | 554 |
| | | 12/481Q | 23.20 | 1112 | 1666 | 554 |
| ആകെ | | | | | | 5858 |
| 3 | വെള്ളാച്ചേരി ഹംസ | VI 85B | 32.85 | 1656 | 2484 | 828 |
| | | VI 85B1 | 21.30 | 1075 | 1610 | 535 |
| | | VI 85B2 | 25.05 | 1264 | 1894 | 630 |
| | | VI 85B3 | 25.05 | 1264 | 1894 | 630 |
| | | VI 85B4 | 20.31 | 1024 | 1535 | 511 |
| | | VI 85B5 | 41.19 | 2077 | 3114 | 1037 |

| | | | | | | |
|---|---|---|---|---|---|---|
| | | VI 85B6 | 44.35 | 2236 | 3353 | 1117 |
| ആകെ | | | | | | 5288 |

വസ്തുനികുതി സംബന്ധിച്ച മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തുന്നതിന് 3(4) (1) ചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾക്ക് (മുകൾ നിലയുൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലോ ഒരാളുടെ ഉടമസ്ഥയിലാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേകം നമ്പർ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വെറേ വെറേ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ബന്ധപ്പെട്ട കെട്ടിടങ്ങൾ ചട്ടം 3ഉപചട്ടം 5 പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 ചട്ടം 1 ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പോലെ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി കെട്ടിടങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം നഷ്ടമായ തുക ബന്ധപ്പെട്ട നികുതി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചയാത്ത് ഫണ്ടിലൊടുക്കുകയോ ചെയ്യേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെയും മത്സ്യമാർക്കറ്റിലെ മുറികളുടെയും വാടക ഒടുക്കുന്നില്ല- 50735 രൂപ വരവ് നഷ്ടം

2016-17 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പൂർണ്ണമായോ ഭാഗികമായോ 2016-17 വർഷത്തെ വാടക ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

1. സെക്രട്ടറി, പിലാത്തറ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സൊസൈറ്റി, പിലാത്തറ എന്ന സ്ഥാപനം (റൂം നമ്പർ പഴയത് IV 500 K.M, പുതിയത് VI 189,203; പ്രതിമാസ വാടക3329രൂപ). 2016-17 വർഷത്തെ മുഴുവൻ വാടക - ആകെ 39948 രൂപ വാടക + 4,572 രൂപ സേവനനികുതി + പിഴപ്പലിശ
2. വി ഉമ്മർ, പിലാത്തറ മത്സ്യമാർക്കറ്റിലെ റൂം നമ്പർ പഴയത് IV 570 14, പുതിയത് VI 243, പ്രതിമാസ വാടക 10,787 രൂപ. ഒരു മാസത്തെ വാടക – ആകെ 10,787 + പിഴപ്പലിശ

കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/ 23-06-2017) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഒരു വർഷത്തെ മുഴുവൻ വാടകയും ഒടുക്കാത്ത ക്രമ നമ്പർ 1ലെ സ്ഥാപനത്തിന് നാളിതുവരെയായി നോട്ടീസ് നല്കുകയോ സ്ഥാപനത്തിൽനിന്നും ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പിലാത്തറ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സൊസൈറ്റി, പിലാത്തറ എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനും ഇവരുമായി കരാർ ചമക്കുന്നതിനും വ്യവസ്ഥകൾ പാലിക്കാത്തപക്ഷം ടി വാടകക്കാരെ ഒഴിവാക്കി മുറികൾ പുനർലേലം ചെയ്യുന്നതിനും

സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക കുടിശ്ശിക പിഴപ്പലിശയും സേവനനികുതിയും സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ക്രമ നം.2-ലെ വാടകക്കാരനെ സേവനനികുതിയിൽ നിന്ന് ഒഴിവാക്കിയത് പുനഃപരിശോധിക്കേണ്ടതാണ്.)

## 2-4 2013-14 വർഷത്തെ വാടക കുടിശ്ശിക 18787 രൂപ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം ബസ്സ്റ്റാന്റ് ഫീസ് പിരിവ് ലേലം ചെയ്തയിനത്തിൽ 18787 രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2013-14 വർഷത്തെ ബസ്സ്റ്റാന്റ് പിരിവ് ലേലംകൊണ്ട ശ്രീ. കുന്നുമ്മൽ രാജൻ, കരിവെള്ളൂർ, ഏറ്റുകുടുക്ക പി. ഒ. എന്ന വ്യക്തി അടക്കാൻ ബാക്കിയുള്ള തുകയാണിതെന്നും ആയത് ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28, തീയ്യതി : 29-06-2017) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടിയാൻ 26-11-2015 ന് നോട്ടീസ് കൈപ്പറ്റിയ വിവരം മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. അതിനുശേഷം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുടിശ്ശിക കരാർ വ്യവസ്ഥ പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് -അപാകങ്ങൾ

1. ഡി & ഒ ലൈസൻസ് ഫീസ് -ഈടാക്കിയതിൽ കുറവ് , 1850 രൂപ ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 ലെ( പട്ടിക II),ചട്ടം 18 ലെ (പട്ടികIII)എന്നിവ പ്രകാരം 2016-17വർഷങ്ങളിൽ ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ഒരു ദിവസ വിറ്റുവരവ് | ഉപയോഗിക്കുന്ന കതിരശക്തി | വാങ്ങിയ ഫീസ്, തീയ്യതി | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 01 | സാബിത്ത് അബ്ദുൾസത്താർ, കണ്ണൂർ | ബ്രൗൺ സ്റ്റീൽ പ്രൈവറ്റ് ലി. | 50,000 | - | 300/-, 05461/ 01-2-16 | 1000 | 700 |
| 2 | 573 | പാറയിൽ | അശ്വതി | 50,000 | - | 100+ | 1000 | 750 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | നാരായണൻ | മാർക്കറ്റിംഗ് | | | 100+50/- 11604103219/ 11-08-16 | | |
| 3 | 584 | ആന്റണി എം കെ | അമ്മ സൂപ്പർമാർക്കറ്റ് | 15,000 | - | 200+50/- 11604103314/ 16-08-16 | 300 | 50 |
| 4 | 586 | നടുവലത്ത് രാജൻ | അക്വാ ഫ്ലോ ഇലക്ട്രിക്കൽസ് | 10,000 | - | 100 +25/- 11604103359/ 18-08-16 | 200 | 75 |
| 5 | 617 | സെക്രട്ടറി, ഏഴിലോട് ലതർ വർക്സ് | കോട്ടേജ് ഇൻഡസ്ട്രിയൽ കോ- ഓപ്പ് സൊസൈറ്റി | 500 | 2944 W (4HP) | 200/- 11604103833/ 04-09-16 | 200 | 50 (HP ഫീ ഈടാക്കിയിട്ടില്ല) |
| 6 | 322 | കക്കോപ്രത്ത് ലക്ഷ്മണൻ | ക്വാളിറ്റി ഫർണിച്ചർ & വുഡ് വർക്സ് | 2000 | 24 HP | 100 +200+75/- 11604101103/ 18-05-16 | 300 | 25 (HP ഫീ ഈടാക്കിയിട്ടില്ല) |
| ആകെ | | | | | | | | 1650 |

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 1650 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2.പിലാത്തറ മത്സ്യമാർക്കറ്റിലെ 11 മുറികളും ഏഴിലോട് മത്സ്യമാർക്കറ്റും മത്സ്യ വില്പന നടത്തുന്നതിന് ലേലം ചെയ്തിട്ടുണ്ട്. ഇവിടെ മത്സ്യ വില്പന നടത്തുന്നതിന് പഞ്ചായത്ത് ഡി & ഒ ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ 90 നും 91 നും ഇടയിലായി പി.വി.നിധീഷ് എന്ന വ്യക്തിയിൽ നിന്നും മഹീന്ദ്ര വെഹിക്കിൾസ് എന്ന പേരിൽ 23-02-2016 തീയ്യതിയിൽ 200 രൂപ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. ടിയാന് എന്താവശ്യ ത്തിനാണ് ലൈസൻസ് അനുവദിച്ചതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അനുവദിക്കുന്നതിന് ടിയാൻ സമർപ്പിച്ച അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ലഭിച്ച മിക്ക അപേക്ഷകളിലും അന്വേഷണം നടത്തുന്നതിനും അപേക്ഷകളിലെ അപാകങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ രേഖകളും സാക്ഷ്യപത്രങ്ങളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രങ്ങളും ഹാജരാക്കുന്നതിന് സെക്ഷൻ ക്ലാർക്കിന് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഫയലുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖപ്പെടുത്തലുകൾ വരുത്താതെയും പരിശോധന നടത്താതെയും ലൈസൻസ് അനുവദിച്ചു വരുന്നത് ശരിയല്ല. ഉദാഹരണങ്ങൾ ചുവടെ

കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | പേര് | സ്ഥാപനത്തിന്റെ പേര് | സെക്രട്ടറിയുടെ നിർദ്ദേശം |
|---|---|---|---|
| 90 | പികുഞ്ഞികൃഷ്ണൻ | ഇംഗ്ലീഷ് മെഡിക്കൽ ഷോപ്പ് | ഡ്രഗ്സ് കൺട്രോളറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് |
| 479 | വി.പി നൂറുദ്ദീൻ | അൽമദീന സൂപ്പർമാർക്കറ്റ് | പരിശോധന സർട്ടിഫിക്കറ്റ് ഹാജരാക്കു ന്നതിന് |
| 550 | ദുരൈപാണ്ഡ്യൻ | ആക്രികച്ചവടം | കടയുടെ പരിസരത്തുള്ള മാലിന്യം നീക്കി ശുചിയാക്കാൻ നിർദ്ദേശം നല്കി |
| 364 | മുഹമ്മദ് മദനി | എ.ബി.സി, ബീൽഡേർസ് ഇൻഡ്യ (പ്രൈ) ലിമിറ്റഡ് | സ്റ്റോക്ക് പരിശോധിക്കുവാനും വിറ്റുവരവ് പരിശോധിച്ച് റിപ്പോർട്ടു ചെയ്യാനും നിർദ്ദേശിച്ചു |

5.ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചതിന്റെ തീരുമാനം (അനുവദിച്ചതിന്റെ/നിരാകരിച്ചതിന്റെ) രേഖപ്പെടുത്തുന്നില്ല.
ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ വാർഡ് തലത്തിൽ തയ്യാറാക്കിയ രജിസ്റ്റർ (ട്രേഡേർസ് ലിസ്റ്റ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2015-16 ൽ ഡി & ഒ ലൈസൻസ് നൽകിയിട്ടില്ല.
a)സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ
b)അക്ഷയ കേന്ദ്രങ്ങൾ

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29/ 29-06-2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

2016-17 ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| രജിസ്റ്റ റിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 442 | അലങ്കാർ കർട്ടൻസ് 4/143 | 3 |

| | | |
|---|---|---|
| 449 | കാർ പോയിന്റ്1/472 | 2 |
| 452 | കാർ കെയർ,ഏഴിലോട് | 5 |
| 462 | സി.എം ഫർ ണിച്ചർ xvi/125A8 | 2 |
| 507 | റോയൽമാർബിൾസ് xvii/832 | 4 |
| 508 | റോയൽമാർബിൾസ് xvi/26 | 4 |
| 574 | അശ്വതി സൂപ്പർ മാർക്കറ്റ് | 2 |
| 1 | ബ്രൗൺ സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് | 3 |
| 584 | അമ്മ സൂപ്പർ മാർക്കറ്റ് | 5 |
| 586 | അക്വ ഫ്ലോ ഇലക്ട്രിക്കൽസ് | 3 |
| 617 | ഏഴിലോട് ലതർ വർക്സ് കോട്ടേജ് ഇന്ഡസ്ട്രി യൽ കോ-ഓപ് സൊസൈറ്റി | 5 |
| 251 | ഗോവിന്ദ് അഗ്രോ ഇൻഡസ്ട്രീസ് ,അറത്തിൽ iv-588B | 12 |
| 289 | ഡൽറ്റാസ് മെഗാ മാർട്ട് vi 317,318 | 3 |
| 298 | A to Z സൂപ്പർ മാർക്കറ്റ് xiii 481,479,478, 482 | 1 |
| 307 | സഫിയ പെയിന്റ് സോൺ v 511 D | 4 |

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 .ബി.ഡി എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറി നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ സ്ഥാപന ഉടമസ്ഥനോടൊ കൈവശക്കാരനോടൊ ആവശ്യപ്പെടേണ്ടതും, തൊഴിലുടമകൾ ഏതെങ്കിലും സ്ഥാപനത്തിൽ ശമ്പളത്തിനോ, വേതനത്തിനോ, നിയമിച്ചതോ, ഏർപ്പെടുത്തിയതോ ആയ ആളുകൾ ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നൽകേണ്ടുന്ന തൊഴിൽ നികുതി വസൂലാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി പഞ്ചയത്തിൽ ഒടുക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 28/ 30-06-17 ന് മറുപടി നല്കിയിട്ടില്ല.)

## 2-7 <u>തനതു വരുമാനത്തിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു.</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26-05-2011 തീയ്യതിയിലെ 58725/എഫ്.എം. 3/2008 നമ്പർ സർക്കുലറിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൌണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം

നിക്ഷേപിക്കണമെന്നും ഒന്നിൽക്കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നത് രണ്ട് ബാങ്ക് അക്കൗണ്ടുകളിലാണ് - ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിലും (അക്കൗണ്ട് നമ്പർ 0301110000897) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട് നമ്പർ 3369734816) പിലാത്തറ ബ്രാഞ്ചിലുമാണ് - നിലവിൽ തനത് ഫണ്ട് സൂക്ഷിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒറ്റ ബാങ്ക് അക്കൗണ്ട് നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 രശീതി (മാന്വൽ, സാംഖ്യ) കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ

1. 28-02-2017 തീയ്യതിയിലെ 2/ 17 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഒന്നു മുതൽ ഒൻപത് വരെയുള്ള വാർഡുകളിലെയും 10 മുതൽ 17 വരെയുള്ള വാർഡുകളിലെയും 100 % നികുതി പിരിച്ചെടുക്കുന്നതിന് യഥാക്രമം ശ്രീ സുജേഷ് കെ. ക്ലാർക്കിനേയും ശ്രീമതി ശ്രീപ്രിയ കെ.ക്ലാർക്കിനേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2017 മാർച്ച് മാസം ഇവർക്കല്ലാതെ മറ്റ് അഞ്ചുപേർക്കുകൂടി (നാലുപേരുടെ തസ്തിക രേഖപ്പെടുത്തിയിട്ടില്ല) രശീത് പുസ്തകങ്ങൾ വിതരണം നടത്തിയതായി രശീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർ ഉപയോഗിച്ച രശീതികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് , തസ്തിക | വിതരണം ചെയ്ത രശീത് ബുക്ക് | ഉപയോഗിച്ച രശീതികളുടെ എണ്ണം |
|---|---|---|---|
| 1 | രശ്മി സി.വി, ദിവസ വേതന ക്ലാർക്ക് | ബുക്ക് നമ്പർ 33210 | 65 |
| 2 | ധന്യ വി.പി, W/O സതീശൻ വി | 33211 | 61 |
| 3 | ഷനിൽ പി | 33213 | 2 |
| 4 | സി.ബാലകൃഷ്ണൻ, | 33214 | 57 |
| 5 | എം.എം. ഗംഗാധരൻ | 33215 | 4 |

ഓഫീസ് ഓർഡർ രജിസ്റ്ററിൽ ഇവരെ നികുതി പിരിവിന് ചുമതലപ്പെട്ടു ത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. 2017 മാർച്ച് മാസം ഊർജ്ജിത നികുതിപിരിവ് നടത്തി 100% നികുതി പിരിവ് നേട്ടം കൈവരിക്കുന്നതിനുള്ള ഉത്തരവുകളും രജിസ്റ്ററിൽ ഇല്ല. വ്യക്തമായ ഉത്തരവോ നിർദ്ദേശമോ ഇല്ലാതെ ഇത്രയും പേർക്ക് രശീതി പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ കാരണം വിശദീകരിക്കാനും ഇവർക്ക് വിതരണം നടത്തിയ രശീതുബുക്കുകൾ പ്രകാരമുള്ള വരവുവിവരങ്ങൾ (ഉപയോഗിച്ച രശീതുകളുടെ എണ്ണം, അതു പ്രകാരമുള്ള വരവ്) ലഭ്യമാക്കുന്നതിനും എൻക്വയറി നൽകിയതിന് (ഓഡിറ്റ് അന്വേഷണം നം.5/ 22-06-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2011-ലെ കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട് ചട്ടങ്ങൾ, ജി.ഒ(എം.എസ്) 83/2011 /ത.സ്വ.ഭ.വ , തീ .28-3-11 ഖ.83 പ്രകാരം രശീതി ബുക്കുകൾ ലഭിച്ച ഉടനെ എണ്ണുകയും നമ്പറിടുകയും ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ എഴുതിച്ചേർക്കുകയും ചെയ്യേണ്ടതാണ്. ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ സാംഖ്യ പ്രകാരമുള്ള പിങ്ക് (പണം കൈപ്പറ്റ്) രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ്(സൂചിക) രശീതികളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൈപ്പറ്റ് രശീതികളുടെ പഴയ സ്റ്റോക്ക് ബാക്കിയിരിക്കെ അതുപയോഗിക്കാതെ പുതിയ സ്റ്റോക്കിലുള്ള രശീതികളാണ് നിലവിൽ ഉപയോഗിക്കുന്നത്. പിങ്ക് രശീതികൾ ലഭിച്ച ഉടനെ സെക്ഷനിൽ നിന്നും മൊത്തമായി ഫ്രണ്ട് ഓഫീസിലേക്ക് വിതരണം നടത്തുന്നത് ശരിയായ നടപടിയല്ല.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, ജി.ഒ.(എം.എസ്) നം.83/11/എൽ എസ് ജി ഡി, തീയതി 28/03/2011 എന്നിവ പ്രകാരം രശീതി ബുക്കുകൾ ഓരോ പേജും ക്രമമായി നമ്പരിട്ട് സൂക്ഷിക്കേണ്ടതും, പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതുമാണ്. പഞ്ചായത്ത് സെക്രട്ടറിയോ, അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, ഓരോ രശീതിന്റേയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാന പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതാണ് എന്നും പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ നികുതി പിരിവ് ഉദ്യോഗസ്ഥർ 16-12-16 മുതൽ നാളിതുവരെയായി ഉപയോഗിച്ച 18 രശീതി പുസ്തകങ്ങളും സെക്രട്ടറി ഇപ്രകാരം സാക്ഷ്യപത്രം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 ദുരിതാശ്വാസ നിധി -ഓഡിറ്റ് കാലയളവിൽ വരവില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം 20-11-12 ന് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നു. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 5479, ചെറുതാഴം സർവ്വീസ് സഹ.ബാങ്ക്) 31-03-17ന് 5,730 രൂപയും 12-05-2017 ന് 3,730 രൂപയും അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് കാലയളവിൽ 10,000 രൂപ ചെലവു ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ പ്രവർത്തനം നടക്കുന്നില്ല എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത് . ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽനിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതുസംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാന്ത്വന പരിചരണത്തിന് മരുന്നും മരുന്നുകിറ്റുകളും ലഭിച്ചില്ല. 93,701 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

പ്രോജക്ട് നമ്പർ : 33/17

പേര് : പാലിയേറ്റീവ് കെയർ

അടങ്കൽ : 7,07,209 (വികസന ഫണ്ട് ജനറൽ)

ചെലവ് : 4,34,905/- (-ടി-)

മേൽ പ്രോജക്ടിൽ ബിൽ നം.11/16-17 തീയ്യതി 23-03-2017 പ്രകാരം 93,701 രൂപ പിൻവലിക്കുകയും സാന്ത്വന പരിചരണത്തിന് മരുന്നും മരുന്നുകിറ്റുകളും വാങ്ങുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 624001800000019എന്ന അക്കൗണ്ട് നമ്പറിലേക്ക് (പഞ്ചാബ് നാഷണൽ ബാങ്ക്) 25-03-2017 ന് സബ്ട്രഷറി പയ്യന്നൂരിൽ നിന്നും ട്രാൻസ്ഫർ ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നോ മരുന്നു കിറ്റുകളോ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/20-06-2017) മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാർ ചമച്ചിട്ടില്ല എന്നും മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭിക്കാത്തതിനാൽ 93,701 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പദ്ധതികൾ നടപ്പാക്കാവുന്നതല്ല- ചെലവ് തുക 36,388 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെഡ് മാസ്റ്റർ,

പ്രോജക്ട് നമ്പർ :51/17

പേര് : പഠന പിന്നോക്കകാരായ കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ലഘുഭക്ഷണം നൽകി പ്രത്യേക പരിശീലനം

അടങ്കൽ : 48,000(തനത്)

ചെലവ്

ബിൽ നം/തിയ്യതി ; 36,388 (ചെക്ക് നം 4180/31.03.17

സ.ഉ.(എം.എസ്) നമ്പർ 4/16/lതസ്വഭവ തി.11.1.16 ഖ.11.10.vii പ്രകാരം ഖ.11.10.ii മുതൽ vi വരെ പരാമർശിച്ച ഇനങ്ങൾക്കും അങ്കണവാടി പോഷകാഹാര വിതരണത്തിനും മാത്രമാണ് ഭക്ഷണവിതരണപരിപാടികൾ നടത്താവുന്നത്. മേൽ പ്രൊജക്ട് പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ 106 കുട്ടികൾക്ക് (പിലാത്തറ യു.പി.സ്കൂളിലെ 36 കുട്ടികൾക്കും പുറച്ചേരി യു.പിസ്കൂളിലെ 70 കുട്ടികൾക്കും) പരിശീലനം നൽകുന്നത് പരിപാടിയുടെ ഭാഗമായി ലഘുഭക്ഷണ വിതരണത്തിനായി 36,388 രൂപ ചെലവാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത രീതിയിൽ പദ്ധതി ആസൂത്രണംചെയ്ത് തുക ചെലവഴിച്ചതിനാൽ ചെലവ് തുകയായ 36,388 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം നം. 13/27-06-2017) ചെലവ് ക്രമപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ക്ലാസ് മുറികളിൽ പത്രങ്ങളും ബാലമാസികകളും -വിതരണരേഖകൾ

## ഹാജരാക്കിയിട്ടില്ല 52,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 46/17

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പേര് : ക്ലാസ് മുറികളിൽ പത്രങ്ങളും ബാലമാസികകളും അടങ്കൽ : 70,000(തനത്)

ചെലവ്, ബിൽ നം/തിയ്യതി: 52,460/- (ചെക്ക് നംSB/XY 1500461/10.03.17)

മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം 10 വിദ്യാലയങ്ങൾക്ക് 43 ദിനപത്രവും 10 വിദ്യാലയങ്ങൾക്ക് 43 തത്തമ്മ ദ്വൈവാരികയും 2016 ജൂൺ മുതൽ 2017 മാർച്ച് വരെ വിതരണം ചെയ്തതിന് 52460 രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ വിദ്യാലയങ്ങളിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ച കാലയളവിൽ മുഴുവൻ പത്ര-മാസികകളും ലഭ്യമായിട്ടുണ്ട് എന്നതിന് വിദ്യാലയങ്ങളിൽ നിന്നും ഹാജരാക്കിയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നം.11/27-06-2017) നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പാക്കി എന്ന് ഉറപ്പുവരുത്തുന്നതിന് വിദ്യാലയങ്ങളിൽ നിന്നും ഹാജരാക്കിയ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അപാകങ്ങൾ കാരണം 52,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.16900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ),

പ്രോജക്ട് നമ്പർ : 36/17

പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 2,00,000 (മെയിൻറനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് : 2,00,000

ബിൽ നം/തിയ്യതി ; 1/16-17/30.11.16

മേൽ പ്രോജക്ട് പ്രകാരം 2,00,000 രൂപ പിൻവലിച്ച് എൻ.ആർ.എച്ച്.എം, ചെറുതാഴം (75,000 രൂപ) , ഹോമിയോ ഡിസ്പെൻസറി, ചെറുതാഴം (1,25,000 രൂപ) എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനുവേണ്ടി ഡി.ഡി.നം 103283/30.11.16 പ്രകാരം തുക നൽകിയിട്ടുണ്ട്. ആയതിൽ 1,83,100 രൂപയുടെ മരുന്നുകൾ മാത്രം ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 16,900 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 16,900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 53/17 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ

വകയിരുത്തിയ തുക : ₹50,000

ചെലവ് തുക : ₹50,000 ( ബിൽ നമ്പർ 2/16-17/24.03.17)

മേൽ പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഇംഗ്ലീഷ് ഫാർമ, സൗത്ത് ബസാർ, കണ്ണൂർ എന്ന സ്ഥാപനത്തിന് നല്കിയ 50,000 രൂപയ്ക്കുള്ള മരുന്ന് E.P.39016/4.3.17 നമ്പർ ഇൻവോയിസ് പ്രകാരം മൃഗാശുപത്രിക്ക് ലഭിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ (ഓഡിറ്റ് അന്വേഷണം - 7/27-06-2017 ) ആവശ്യപ്പെട്ടതിന് നിലവിലുള്ള സ്റ്റോക്ക് രജിസ്റ്ററിന് പകരം പുതിയ രജിസ്റ്ററിൽ പ്രൊജക്ട് പ്രകാരം ലഭിച്ച മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തി, വിതരണവിവരങ്ങൾ രേഖപ്പെടുത്താതെ ഹാജരാക്കുകയാണ് ചെയ്തത്. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ മുന്നിരിപ്പ്, വിതരണം, എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 പാലുല്പാദനത്തിന് ധനസഹായം- ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാവുന്നതല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 52/17 പാലുല്പാദനത്തിന് ധനസഹായം

വകയിരുത്തിയ തുക : ₹6,00,000

₹2,00,000 പഞ്ചായത്ത് വിഹിതം

₹4,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം]

ചെലവ് തുക : 2,00,000 ( ബിൽ നമ്പർ 3/16-17/30.03.17)

മേൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ഭരണസമിതി തീരുമാനം നം.163/16/(7) തീ. 26.11.2016 പ്രകാരം 220 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ വിതരണപത്രിക പ്രകാരം 232 പേർ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. മേൽ തീരുമാനപ്രകാരം അംഗീകാരം ലഭിക്കാത്തതും ആനുകൂല്യം കൈപ്പറ്റിയതുമായ 12 ഗുണഭോക്താക്കളുടെ അർഹത ഭരണസമിതി/ഗ്രാമസഭാ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതിനും ഭരണസമിതി/ഗ്രാമസഭ അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾ കൈപ്പറ്റിയ ആനുകൂല്യം എത്രയാണെന്ന് കണക്കാക്കി അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/27-06-2017) 12 ഗുണഭോക്താക്കളുടെ അർഹത അടുത്ത ഭരണസമിതി മീറ്റിംഗിൽ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടിയാണ് നൽകിയത്. ഗ്രാമസഭയുടെയും തുടർന്ന് ഭരണസമിതിയുടെയും അംഗീകാരം നേടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നത് ശരിയായ നടപടിയല്ല എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ബഡ്സ് റീഹാബലിറ്റേഷൻ സെന്റർ -സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നുള്ള അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രോജക്ട് : 55/17 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

വകയിരുത്തിയ തുക : 345156

ചെലവ് : 2,48,277

ബഡ്സ് സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസീക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ തൊഴിൽ പരിശീലനം, പകൽ പരിപാലനം എന്നിവയ്ക്കായി സ.ഉ (കയ്യെഴുത്ത്) 144/13/തസ്വഭവ തീ. 16.4.13 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ അനുമതി നല്കിയിട്ടുണ്ട്.
ചെറുതാഴം ഗ്രാമപഞ്ചായത്തിൽ 20.08.16-ന് ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ 9 പുരുഷന്മാരും 2 സ്ത്രീകളും ഉൾപ്പടെ 11 പേരാണ് പ്രവേശനം നേടിയിട്ടുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളിൽ 14-ാമതായി സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം 1995 ലെ ദേശീയ വികലാംഗ ജന നിയമമനുസരിച്ച് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും അംഗീകാരം നേടിയെടുക്കേണ്ടതാണ് എന്നും 15-ാമതായി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ധർമ്മ സ്ഥാപന സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ ഇതേവരെ ആരംഭിച്ചിട്ടില്ല. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോൾ റീഹാബിലിറ്റേഷൻ വർക്കറുടെ ശിക്ഷണത്തിൽ പേപ്പർ കവർ നിർമ്മാണത്തിൽ മാത്രമാണ് പരിശീലനം നൽകിവരുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ പരിശീലന പരിപാടികൾ ഉൾപ്പെടുത്താവുന്നതാണ്.

## **3-8** <u>തെരുവ് വിളക്ക് പരിപാലനം - കരാറുവെച്ചതിലെ അപാകങ്ങൾ -</u>

നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് : 07/17(സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപണി കരാറിലേർപ്പെടൽ )
വകയിരുത്തിയ തുക : ₹4,00,000(തനത്)
ചെലവ് തുക : 1,00,000 ( വൌച്ചർ നമ്പർ 21601032/18.01.17)
1,00,000 ( വൌച്ചർ നമ്പർ 21601483/31.03.17)

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ എ.എം.സി. വ്യവസ്ഥയിൽ പരിപാലിക്കുന്നതിന് എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കല്ല് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം ആദ്യ രണ്ടു ഗഡുക്കൾ (100000+100000) മേൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെട്ടതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
1.) കരാറിൽ എ.എം.സി പ്രകാരം പരിപാലിക്കേണ്ട വിളക്കുകളുടെ തരം, എണ്ണം, രീതി എന്നിവ വ്യക്തമാക്കിയിട്ടില്ല.
2.) എ.എം സി 4,00,000/- രൂപയായി നിജപ്പെടുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല.
3.) തെരുവുവിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണവകുപ്പ് പുറപ്പെടുവിച്ച 3055/ഡി.എ.3/2011/തഭവ തീ.15.9.2011 നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകളുടെ സംരക്ഷണം എ.എം.സി. വച്ച് ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്ന് കരാർ തുകയുടെ 10% തുക സെക്യൂരിറ്റിയായി ഈടാക്കേണ്ടതും പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനു ശേഷം തിരികെ നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിന്റെ

നടത്തിപ്പിൽ 4,00,000/- രൂപയുടെ 10% 40,000 രൂപ സെക്യൂരിറ്റിയായി ഈടാക്കേണ്ടതിന് പകരം 16,000/- രൂപ മാത്രമാണ് കരാറുകാരൻ ഡപ്പോസിറ്റായി നല്കിയിരിക്കുന്നത്. സെക്യൂരിറ്റി നിക്ഷേപത്തിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് വാങ്ങൽ - കെ.എസ്.ഇ.ബി യിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് : 12/17സ്ടീറ്റ് ലൈറ്റ് വാങ്ങൽ
വകയിരുത്തിയ തുക : ₹100,000(തനത്)
4,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക : 4,00,000 ( വൌച്ചർ നമ്പർ 21601447/30.03.17)
99,700 ( വൌച്ചർ നമ്പർ 21601485/31.03.17)

മേൽ പ്രൊജക്ട് പ്രകാരം പവർ ലാബ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 1900 രൂപ നിരക്കിൽ 263 സി.എഫ്.എൽ 17 വാർഡുകളിലായി സ്ഥാപിച്ചതിന് കെ.എസ്.ബി.യിൽനിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 3-10 വെള്ളക്കരം -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

വെള്ളക്കരം അടവ് സംബന്ധിച്ച് സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 23/06/2006ലെ സ.ഉ.(സാധാരണ) നം.1501/2006/ ത.സ്വ.ഭ.വ,30/05/2009 ലെ സ.ഉ.(സാധാരണ) നം.1275/2009/ത.സ്വ.ഭ.വ, 28/09/2011 ലെ സ.ഉ.(സാധാരണ) നം.2242/2009/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിൽ പറയും പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നല്കുന്നുവെന്ന് ഉറപ്പുവരുത്താൻ ജലഅതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കണം. എന്നാൽ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

101 തെരുവ് ടാപ്പുകളുടെ തുകയാണ് പഞ്ചായത്ത് ഒടുക്കുന്നത് . തൻവർഷം 530256 രൂപ തെരുവ് ടാപ്പുകളുടെ കരം ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതി പ്രദേശത്തെ തെരുവ് ടാപ്പുകൾ പ്രവത്തനക്ഷമമാണോയെന്ന് പരിശോധിക്കേണ്ടതാണ്. തെരുവ് ടാപ്പുകളുടെ സംയുക്തപരിശോധന എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഉപയോഗിക്കുന്ന ജലത്തിന് മാത്രം തുക ടുക്കുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 തെരുവ് വിളക്ക് പരിപാലനം - അധിക തുക അടവാക്കുന്നത് സംബന്ധിച്ച്.

പഞ്ചായത്ത് താഴെ പറയും പ്രകാരം 30634 രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്നത്.

| ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| ഫ്ലൂറസെന്റ് ലാമ്പ് | 2x40 | 2 | 124 | 248 |
| ഫ്ലൂറസെന്റ് ലാമ്പ് | 40 | 257 | 61 | 15677 |
| സോഡിയം വേപ്പർ ലാമ്പ് | 70 | 18 | 116 | 2088 |
| സോഡിയം വേപ്പർ ലാമ്പ് | 150 | 19 | 247 | 4693 |
| സോഡിയം വേപ്പർ ലാമ്പ് | 250 | 11 | 414 | 4554 |
| സോഡിയം വേപ്പർ ലാമ്പ് | 2x11 | 241 | 14 | 3374 |
| ആകെ | | | | 30634 |

തെരുവ് വിളക്ക് മീറ്ററിംഗ് സംവിധാനം ഭാഗീകമായി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ 2016 നവമ്പർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെയുള്ള മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ 48331 രൂപ കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. ഇത് കൂടാതെ മേൽ പട്ടിക പ്രകാരമുള്ള 30634 രൂപ 2016 നവമ്പർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെയുള്ള മാസങ്ങളിൽ ഒടുക്കിയിട്ടുണ്ട്. മീറ്റർ റീഡിംഗ് പ്രകാരം ഒടുക്കിയ തെരുവ് വിളക്കുകളുടെ എണ്ണം കുറക്കാതെയാണ് 2016 നവമ്പർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെയുള്ള വൈദ്യുതി ചാർജ് കണക്കാക്കിയത്. തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിന് വൈദ്യുതി ബോർഡുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി ഹാജരാക്കുന്ന ഇൻവോയിസ് പ്രകാരം തുക ഒടുക്കുകയാണ് ചെയ്യുന്നത്. ഇത് കാരണം ഉപയോഗിക്കുന്ന വൈദ്യുതിക്ക് തന്നെയാണോ ചാർജ് ഒടുക്കിയതെന്ന് വ്യക്തമല്ല. ഇൻവോയിസ് പ്രകാരം, 48 സോഡിയം വേപ്പർ ലാമ്പുകൾക്ക് തുക ഒടുക്കുന്നുണ്ട്. സോഡിയം വേപ്പർ ലാമ്പുകൾ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി സി.എഫ്.എൽ സ്ഥാപിക്കുമ്പോൾ യഥാസമയം വൈദ്യുതി ബോർഡിനെ അറിയിക്കാത്തത് കാരണം വൈദ്യുതി ചാർജിനത്തിൽ ലഭിക്കുമായിരുന്ന കുറവ് ലഭിച്ചിട്ടില്ല. മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ തുക ഒടുക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണ സമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ശുചീകരണ തൊഴിലാളികളുടെ നിയമനം- സർക്കാർ അംഗീകാരമില്ല 485400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ്, മത്സ്യമാർക്കറ്റ് , ഹൈടെക്ക് ലൈബ്രറി തുടങ്ങിയവയുടെ ശുചീകരണത്തിനായി നാല് ജീവനക്കാരെ പ്രതിദിനം 400 രൂപ നിരക്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശുചീകരണ തൊഴിലാളികൾക്ക് വേതനം നല്കി വരുന്നത്. ജീവനക്കാരുടെ നിയമനത്തിന് സർക്കാറിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. നിയമനാംഗീകാരത്തിന്റെ അഭാവത്തിൽ 485400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|---|---|
| 1 | 21600018 | 04-04-2016 | 103 | 41200 |
| 2 | 21600110 | 02-05-2016 | 102 | 40800 |
| 3 | 21600185 | 01-06-2016 | 102 | 40800 |
| 4 | 21600313 | 01-07-2016 | 104 | 41600 |
| 5 | 21600409 | 01-08-2016 | 104 | 41600 |
| 6 | 21600524 | 01-09-2016 | 108 | 43800 |
| 7 | 21600656 | 01-10-2016 | 90 | 36000 |
| 8 | 21600785 | 03-11-2016 | 94 | 37600 |
| 9 | 21600853 | 02-12-2016 | 102 | 40800 |
| 10 | 21600975 | 03-01-2017 | 107 | 42800 |
| 11 | 21601092 | 01-02-2017 | 104 | 41600 |
| 12 | 21601206 | 03-03-2017 | 92 | 36800 |
| ആകെ | | | | 485400 |

താല്ക്കാലിക നിയമനം നടത്തുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മത്സ്യമാർക്കറ്റിലെ മലിന ജലം നീക്കം ചെയ്യുന്നത്- അപാകങ്ങൾ 94140 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ മത്സ്യമാർക്കറ്റിൽ നിന്നും മലിന ജലം ശേഖരിച്ച് കന്യാസ്ത്രീ മഠത്തിലെ ബയോഗ്യാസ് പ്ലാന്റിൽ എത്തിക്കുന്നതിനായി ട്രിപ്പിന് 180 രൂപ നിരക്കിൽ പ്രതിമാസം നീക്കം ചെയ്യുന്ന മലിന ജലത്തിന്റെ അടിസ്ഥാനത്തിൽ ഇ കെ ഷംസീർ എന്ന വ്യക്തിക്ക് പ്രതിഫലം നല്കി വരുന്നുണ്ട് .വിശദ വിവരം ചുവടെ ചേർക്കുന്നു

| മാസം | ട്രിപ്പുകളുടെ എണ്ണം | തുക | വൌച്ചർ നമ്പർ,തീയതി |
|---|---|---|---|
| 03/2016 | 39 | 7020 | 21600121/02-05-2016 |
| 04/2016<br>05/2016 | 32<br>27 | 10620 | 21600206/09-06-2016 |
| 06/2016<br>07/2016 | 58<br>61 | 21240 | 21600431/10-08-2016 |
| 08/2016<br>09/2016<br>10/2016 | 69<br>43<br>38 | 27000 | 21600792/04-11-2016 |

| | | | |
|---|---|---|---|
| 11/2016<br>12/2016 | 47<br>51 | 17640 | 21601040/20-01-2017 |
| 01/2017 | 59 | 10620 | 216001143/10-02-2017 |
| | | 94140 | |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്

1. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ മുൻവർഷങ്ങളിൽ മലിനജലം നീക്കംചെയ്ത ഇ.കെ.ഷംസീർ എന്ന വ്യക്തിയെ തന്നെ തൻവർഷവും പ്രവൃത്തി ഏല്പിക്കുകയാണുണ്ടായത്

2. കരാറുകാരൻ നല്കുന്ന അപേക്ഷയിൽ ദിവസവേതനത്തിൽ ജോലിചെയ്യുന്ന ശുചീകരണ തൊഴിലാളി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് നീക്കം ചെയ്ത മാലിന്യം ട്രിപ്പുകളുടെ എണ്ണം കണക്കാക്കി തുക അനുവദിച്ചത്. ഇത് ക്രമപ്രകാരമല്ല.

അപാകങ്ങൾ കാരണം 94140 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മാലിന്യ നീക്കം മോണിറ്റർ ചെയ്യുന്നത് കരാർ ജീവനക്കാരിയെ ഏല്പിക്കുന്നതിൽ മാറ്റം വരുത്തേണ്ടതാണ്. മാലിന്യ സംസ്കരണത്തിനുള്ള സ്ഥിരം സംവിധാനം ഒരുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-14 വയലപ്ര - പരപ്പ് ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതി ഉദ്ഘാടനം- 10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
വൗച്ചർ നമ്പർ – 21600209/1-06-2016 -10000

ഡി.ടി.പി.സി. കണ്ണൂർ ആരംഭിച്ച വയലപ്ര ചെമ്പല്ലിക്കുണ്ട് ടൂറിസം പദ്ധതിയുടെ ഉദ്ഘാടന പരിപാടിയുടെ ചെലവിനത്തിൽ കൺവീനർ ശ്രീ.വി.രമേശന്റെ അപേക്ഷ പ്രകാരം ഷിജു ലൈറ്റ് ആന്റ് സൗണ്ട് ഡെക്കറേഷൻ നരിക്കോട് ആൽ എന്ന സ്ഥാപനത്തിന് 10000 രൂപ നല്കിയിട്ടുണ്ട്. ടൂറിസം വകുപ്പ് നടത്തിയ പരിപാടിക്ക് പഞ്ചായത്ത് ചെലവ് വഹിച്ചത് കാരണം ചെലവ് ഇരട്ടിപ്പിന് സാധ്യതയുണ്ട്. കൂടാതെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

